**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Chithra S IAS )

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഇടുക്കി ജില്ല - ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് - പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ - അസി.സെക്രട്ടറി ശ്രീ.ബനേഷ്ഖാൻ - എന്നയാളെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: 1) ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 23.04.2025 ൽ സമർപ്പിച്ച പരാതി

2) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2025 ലെ LSGD/PD/16317/2025-VIGB4 നമ്പർ ഉത്തരവ്.

3) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ് നമ്പർ .LSGD/PD/16317/2025-VIGB4 തീയതി: 19-06-2025**

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ബനേഷ്ഖാനെതിരെ ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള വാങ്ങലുകളിലും 2024-25 വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങലുകളിലും നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പരാതിയിന്മേൽ നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തെ പരാമർശം (2) ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത അന്വേഷണ സംഘം 26/05/25, 27/05/25 തീയതികളിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലും വിവിധ പദ്ധതി സ്ഥലങ്ങളിലും നേരിട്ട് എത്തി പരിശോധന നടത്തി പരാമർശം (3) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ബനേഷ്ഖാൻ 30.09.2024 മുതൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ നിർവ്വഹണം നടത്തിയതും പരാമർശം (1) പ്രകാരമുള്ള പരാതിയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നതുമായ പദ്ധതികളിലെ നിർവ്വഹണത്തിൽ ചുവടെ പറയുന്ന ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള സാധനങ്ങൾ വാങ്ങിയതിൽ കണ്ടെത്തിയ ഗുരുതര ക്രമക്കേടുകൾ**

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ

തൊഴിലാളികൾക്ക് വേണ്ടി ഗംബൂട്ടും ഫസ്റ്റ് എയ്ഡ് ബോക്സും മറ്റ് അനുബന്ധ സാധനങ്ങളും തനത് ഫണ്ടിൽ നിന്നും 8,63,618/- രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാങ്ങി പഞ്ചായത്ത് ഓഫീസിലെ പഴയകെട്ടിടത്തിലും തൊഴിലുറപ്പ് പദ്ധതി ഓഫീസിലുമായി സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. ഗംബൂട്ടുകൾ ചോർന്നൊലിക്കുന്ന കെട്ടിടത്തിലാണ് സൂക്ഷിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ടി സാധനങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് ഒരു ബില്ല് മാത്രമാണ് കണ്ടെത്തിയിട്ടുള്ളതെന്നും ടി പദ്ധതി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്യാതെ ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സംഘം ലിമിറ്റഡ് നമ്പർ ഐ.609, തങ്കമണി എന്ന സ്ഥാപനത്തിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് നേരിട്ട് വാങ്ങിയതായി കൃത്രിമമായി രേഖയുണ്ടാക്കി എന്നും, എന്നാൽ നീതി സ്റ്റോറിൽ നിന്നും സാധന സാമഗ്രികൾ സപ്ലൈ ചെയ്യുകയോ വാങ്ങി നൽകുകയോ ചെയ്തിട്ടില്ലെന്നും ബിൽ തുകയുടെ 15 ശതമാനം കമ്മീഷൻ നൽകാമെന്ന വ്യവസ്ഥയിൽ ഇടനിലക്കാരായ ജീസസ് മെഡിക്കൽ സ്റ്റോർ എന്ന സ്ഥാപനത്തിന്റെ നിർദേശപ്രകാരം നീതി മെഡിക്കൽ സ്റ്റോറിന്റെ ബിൽ ഗ്രാമപഞ്ചായത്തിൽ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും നീതി മെഡിക്കൽ സ്റ്റോർ സെക്രട്ടറി സ്റ്റേറ്റ്മെന്റ് നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബിൽ തുക ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നീതി മെഡിക്കൽ സ്റ്റോർ നൽകിയ കത്തിൽ കൺസ്യൂമർഫെഡ് നീതി സ്റ്റോർ എന്നാണ് രേഖപെടുത്തിയിട്ടുള്ളത്. എന്നാൽ കൺസ്യൂമർഫെഡിൽ ഈ സ്ഥാപനം അഫിലിയേറ്റ് ചെയ്തതത് സംബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ സെക്രട്ടറിക്ക് തന്നെ വ്യക്തതയില്ലാത്തതാണ്. സാധന സാമഗ്രികളുടെപരമാവധി ചില്ലറ വില്പന വിലയിൽ(MRP) നിന്നും 50 മുതൽ 60 ശതമാനം വരെ അധിക നിരക്ക് രേഖപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികൾക്കായി 500 ഗംബൂട്ടുകൾ വാങ്ങിയതിന്റെ ബിൽ പരിശോധിച്ചതിൽ നികുതിയടക്കം 649/- രൂപ നിരക്കിലാണ് വാങ്ങിയതെന്ന് കാണുന്നതായും ടി സാധനങ്ങൾ പരിശോധിച്ചതിൽ 400/- രൂപ മുതൽ 414 രൂപ വരെയാണ് ബൂട്ടിൽ എം.ആർ.പി. ആയി(നികുതി അടക്കം) രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഇത്തരത്തിൽ 500 ഗംബൂട്ടുകൾ വാങ്ങിയ ഇനത്തിൽ മാത്രം എം.ആർ.പി.യെക്കാൾ 1,24,500/- രൂപ അധികം നല്കിയതായി കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികൾക്കായി ബിൽ പ്രകാരം 200 ഫസ്റ്റ് എയിഡ് ബോക്സ് വാങ്ങിയത് നികുതിയടക്കം 1416/- രൂപ നിരക്കിലാണെന്ന് കാണുന്നതായും എന്നാൽ ഫസ്റ്റ് എയിഡ് ബോക്സിൽ ഉൾപ്പെട്ട വിവിധ സാധനങ്ങളുടെ ആകെ എം.ആർ.പി 1044/- രൂപയാണെന്നും ഇത്തരത്തിൽ ഫസ്റ്റ് എയിഡ് ബോക്സ് വാങ്ങിയ ഇനത്തിൽ മാത്രം എം.ആർ.പി.യെക്കാൾ 74,400/- രൂപ അധികം നല്കിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൺ സ്ക്രീൻ ലോഷൻ വാങ്ങിയ ഇനത്തിൽ എം.ആർ.പി.യെക്കാൾ 2,373/- രൂപ അധികം നല്കിയതായി കണ്ടെത്തിയിട്ടുണ്ട്. ടാർപോളിൻ, ഗ്ലൗസ് എന്നിവ വാങ്ങിയിട്ടുള്ളതായും ടി സാധനങ്ങളിൽ എം.ആർ.പി. രേഖപെടുത്തിയിട്ടില്ലാത്തതുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നീതി മെഡിക്കൽ സ്റ്റോർ സെക്രട്ടറി നൽകിയ സ്റ്റേറ്റ്മെന്റിൽ ടി സാധനങ്ങൾ നീതി സ്റ്റോറിൽ നിന്നുമല്ല വിതരണം ചെയ്തതെന്നും ബിൽ തുകയുടെ 15 ശതമാനം നീതിസ്റ്റോറിന് നൽകാമെന്ന വ്യവസ്ഥയിൽ ഇടനിലക്കാരായിനിന്ന സ്ഥാപനത്തിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്തിന് സാധനങ്ങളുടെ ബിൽ നൽകിയതാണെന്നും പഞ്ചായത്ത് നൽകിയ തുകയിൽ നിന്നും 15 ശതമാനം തുക കിഴിച്ച് ശേഷിക്കുന്ന തുക ഇടനിലക്കാരായി നിന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ സ്റ്റോർ സെക്രട്ടറി ശ്രീമതി ശ്രുതി വിജയൻ ലഭ്യമാക്കിയ ബാങ്ക് പാസ്ബുക്ക് പകർപ്പ് പരിശോധിച്ചതിൽ 08/04/2025 തീയതിയിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ നിന്നും 8,63,618/- രൂപ നീതി മെഡിക്കൽ സ്റ്റോർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായും

09/05/2024-ൽ ഏകദേശം 15 ശതമാനം വരുന്ന തുകയായ 1,29,618/- രൂപ കിഴിച്ച് 7,34,000/- രൂപ ഇടനിലക്കാരായി നിന്ന ജീസസ് മെഡിക്കൽസ് എന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ചെയ്തതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേണ്ടി സാധനസാമഗ്രികൾ വാങ്ങുന്നതിന് മൽസരാധിഷ്ഠിത ടെണ്ടർ മുഖേന നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ എം.ആർ.പി.യുടെ 30 മുതൽ 40 ശതമാനം വരെയുള്ള തുക വിലയിൽ കുറവ് ലഭിക്കുമായിരുന്ന സാധന സാമഗ്രികൾ എം.ആർ.പി.യെക്കാൾ അറുപതു ശതമാനം വരെ അധികം നൽകി വാങ്ങിയത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുകയിൽ 1,29,618/- രൂപ കമ്മീഷൻ ആയി നീതി മെഡിക്കൽ സ്റ്റോറിനും ബാക്കിയുള്ള തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഇടനിലക്കാരായി നിന്ന ജീസസ് മെഡിക്കൽ സ്റ്റോറുംകൂടി അപഹരിച്ചതാണെന്ന് കാണുന്നു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല, 01/03/2024 തീയതിയിലെ സ.ഉ(സാധാ)നം.492/2024/LSGD - നമ്പർ ഉത്തരവ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി 40 ഗംബൂട്ടുകളും 80 ജോഡി കയ്യുറകളും മാത്രമേ വാങ്ങാവൂ എന്നും പരമാവധി 75,000/- രൂപ മാത്രമേ ഒരു വർഷം ഈ ഇനത്തിൽ ചെലവഴിക്കാവൂ എന്നും ഉള്ള സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ടാണ് ഭീമമായ തുകയ്ക്ക് വാങ്ങലുകൾ നടത്തി ക്രമക്കേടും പണാപഹരണവും നടത്തിയിട്ടുള്ളത്.

**2. 2024-25 വാർഷിക പദ്ധതിയിൽ** നടപ്പിലാക്കിയ **മിനി മാസ്റ്റ് ലൈറ്റ് പദ്ധതി** നടപ്പാക്കിയതിലെ **ക്രമക്കേടുകൾ**

പട്ടികജാതി വിഭാഗം വികസന ഫണ്ട് 4,90,000/- രൂപ വകയിരുത്തി ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്റ്റ് നമ്പർ 251/25 - മുരുകൻ കോവിലിന് സമീപം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, മിനി മാസ്റ്റ് ലൈറ്റിന്റെ എസ്റ്റിമേറ്റ്, ലൈറ്റിന്റെ സ്പെസിഫിക്കേഷൻ, ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള തൂണിന്റെ(Pole) അളവ് തുടങ്ങിയ വിവരങ്ങളൊന്നും പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും 21.03.2025 തീയതിയിലെ കേരള സിഡ്കോ എന്ന സ്ഥാപനം നല്കിയ ബില്ലും മാനേജർ, സിഡ്കോ, ആലപ്പുഴ എന്ന് ഒപ്പിട്ട് നല്കിയ ഒരു കരാറും മാത്രമാണുള്ളതെന്നും സെക്രട്ടറി ടി കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല എന്നും കണ്ടെത്തുകയുണ്ടായി. ടി സാധനത്തിന്റെ ബില്ല് പരിശോധിച്ചതിൽ 8 മീറ്റർ മിനിമാസ്റ്റ് 3എണ്ണം(4*25w) വിതരണവും സ്ഥാപിക്കലും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതും 4,90,000/- രൂപ 2025 മാർച്ച് മാസം സിഡ്കോ എന്ന സ്ഥാപനത്തിന് മാറി നല്കിയതായും എന്നാൽ പരിശോധനയിൽ ഒരു മിനിമാസ്റ്റ് ലൈറ്റ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തിയതായും ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റിൽ 1,63,333/- രൂപ വീതം വിലയുള്ള 3 എണ്ണം വാങ്ങിയതായി ബിൽ തയ്യാറാക്കി ഒരെണ്ണം മാത്രം വാങ്ങിയിട്ട് പ്രോജക്റ്റ് പ്രകാരമുള്ള 4,90,000/- രൂപയും കരാർ സ്ഥാപനത്തിന് നൽകിയത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയും ക്രമക്കേടും അഴിമതിയും പട്ടിക ജാതി വികസന ഫണ്ടിൻറെ ദുരുപയോഗവുമാണ്.മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ എംപാനൽ ചെയ്ത ഏജൻസി അല്ല സിഡ്കോ എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി** ചിന്നക്കനാൽ **ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ** വിവിധ **തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികളിലെ** ക്രമക്കേടുകൾ

| ക്രമനമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1. | 127/25 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 45,000/- | 39,000/- |
| 2. | 132/25 | പെരിയ കനാൽ, സെൻട്രൽ ഡിവിഷൻ, ലോവർ ഡിവിഷൻ, ന്യൂ ഡിവിഷൻ എന്നിവിടങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - വാർഡ്-11 | 3,75,000/- | 3,72,000/- |
| 3. | 137/25 | SC കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,91,832/- | 7,90,500/- |
| 4. | 257/25 | മിനി സോളാർ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - മുത്തമ്മ കോളനി വാർഡ്-2, ഈട്ടിത്തേരി SC കോളനി വാർഡ്-8, സുബ്രഹ്മണ്യൻ കോളനി ആന്റ് ഗുണ്ടുമല - വാർഡ് -3, കറുപ്പൻ കോളനി വാർഡ്-10, പെരിയ കനാൽ ലൈൻസ് വാർഡ് -12 | 9,54,389/- | 9,78,000/- |

മേൽ പരാമർശിച്ച തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് പ്രകാരം സ്ഥാപിക്കുന്ന സോളാർ സ്ട്രീറ്റ് ലൈറ്റുകളെ സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും പ്രോജക്ടുകളിൽ രേഖപ്പെടുത്തിയിട്ടില്ല. സോളാർ സ്ട്രീറ്റ് ലൈറ്റ്, മിനി മാസ്റ്റ് ലൈറ്റ് തുടങ്ങിയ തെരുവ് വിളക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ എംപാനൽ ചെയ്ത സ്ഥാപനങ്ങളിൽനിന്നോ മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെയോ വാങ്ങാതെ കേരള സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയത്. പദ്ധതിപ്രകാരം സ്ഥാപിക്കേണ്ട തെരുവ് വിളക്കിന്റെ സ്പെസിഫിക്കേഷൻ തയാറാക്കുകയോ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ള തൂണിന്റെ കനം, ഉയരം തുടങ്ങിയ യാതൊന്നും പദ്ധതിയിലോ സപ്ലൈ ഓർഡറിലോ ഉൾപ്പെടുത്താതെയുമാണ് സോളാർ സ്ട്രീറ്റ് ലൈറ്റുകളും മിനി മാസ്റ്റുകളും സ്ഥാപിച്ചത്. സോളാർ തെരുവ് വിളക്കുകൾ അമിത നിരക്കിലാണ് സ്ഥാപിച്ചതെന്ന് പ്രഥമ ദൃഷ്ട്യ ബോധ്യമാകുന്നതായും ആയതിനാൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ 2024 - 25 വാർഷിക പദ്ധതിയിൽ സ്ഥാപിച്ച മുഴുവൻ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, മിനി മാസ്റ്റ് ലൈറ്റുകൾ എന്നിവ പരിശോധിച്ച് മൂല്യ നിർണയം നടത്തുന്നതിന് ജില്ലാ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി.

**4. 2024-25 വർഷം വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികളിലെ ക്രമക്കേടുകൾ**

| ക്രമനമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ഒരു കട്ടിലിന്റെ വില | പദ്ധതി അടങ്കൽ തുക |
|---|---|---|---|---|
| 1. | 104/25 | വയോജനങ്ങൾക്ക് കട്ടിൽ ( എസ്.സി.പി. ) | 4293/- | 7,33,029/- |
| 2. | 280/25 | വയോജനങ്ങൾക്ക് കട്ടിൽ ( ടി.എസ്.പി. ) | 4293/- | 5,00,000/- |

മേൽ പ്രോജക്ടുകൾ പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഒരു കട്ടിലിന് 4,293/- രൂപ നിരക്കിൽ മീനച്ചിൽ വുഡ് ആർട്ട്, കോട്ടയം എന്ന സ്ഥാപനത്തിന് പ്രൊജക്ട് നമ്പർ 104/25 പ്രകാരം 82 കട്ടിലുകൾക്കും പ്രൊജക്റ്റ് നമ്പർ 280/25 പ്രകാരം 111 കട്ടിലുകൾക്കും സപ്ലൈ ഓർഡർ നൽകിയതായും 24/03/2025 - ൽ ടി രണ്ട് പദ്ധതികളിലുമായി ബിൽ തയ്യാറാക്കി 8,28,549/- രൂപ കരാറുകാരന് നല്കിയതായും, എന്നാൽ കട്ടിലുകൾ നാളിത് വരെ വിതരണം ചെയ്തിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മത്സരാധിഷ്ഠിത ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ കട്ടിലിന്റെ വില കുറയുമായിരുന്ന

എന്നിരിക്കെ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിലായി ടെൻഡർ നടപടികൾ സ്വീകരിക്കാതെയും കട്ടിലുകൾ വിതരണം ചെയ്യാതെയും 8,28,549/- രൂപ മുൻകൂറായി നൽകിയത് ഗുരുതര വീഴ്ചയും ക്രമക്കേടും സ്റ്റോർ പർച്ചേസ് മാന്വലിനും തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖക്കും വിരുദ്ധവുമാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ബിൽ തുക കൈമാറി 2 മാസം കഴിഞ്ഞിട്ടും കട്ടിൽ സപ്ലൈ ചെയ്യാതെ പരാമർശം (1) പരാതിയിന്മേൽ പരിശോധന ആരംഭിച്ചതിനെ തുടർന്ന് 26/05/2025 വൈകുന്നേരം 120 കട്ടിലുകളുടെ ചില ഭാഗങ്ങൾ വാഹനത്തിൽ ഗ്രമപഞ്ചായത്തിൽ കൊണ്ട് വന്നത് അന്വേഷണ സംഘം നേരിട്ട് കാണാനിടയായി എന്നും ഈ പദ്ധതി നടപ്പാക്കിയതിലും നിർവഹണ ഉദ്യോഗസ്ഥന് ഗുരുതര വീഴ്ച സംഭവിച്ചു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

മേൽ പരാമർശിച്ച പദ്ധതികളുടെ നിർവഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾക്കും ചട്ടലംഘനങ്ങൾക്കും പണാപഹരണങ്ങൾക്കും ഉത്തരവാദിയായ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ബനേഷ്ഖാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും ടിയാൻ മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങിയ സാധനങ്ങളുടെ കൃത്യമായ മൂല്യനിർണ്ണയം സാങ്കേതിക വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തി ആയത് തിട്ടപ്പെടുത്തി ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുക ടിയാനിൽ നിന്ന് ഈടാക്കാവുന്നതാണെന്നും ടിയാൻ നടപ്പിലാക്കിയ എല്ലാ പദ്ധതികളും പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി നടത്തിയ വാങ്ങലുകളിലും 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയ മേൽ പരാമർശിച്ച പദ്ധതികളിലും പ്രൊജക്ട് തയ്യാറാക്കിയത് മുതൽ നിർവഹണം നടത്തി ബിൽ തുക അനുവദിച്ചതുവരെയുള്ള ഘട്ടങ്ങളിൽ ഗുരുതരമായ ക്രമക്കേടുകളും അഴിമതിയും ചട്ടലംഘനങ്ങളും വീഴ്ചകളും സംഭവിച്ചതായി ബോധ്യപ്പെടുന്നു. പൊതുമുതൽ കൈകാര്യം ചെയ്യുന്നതിൽ യാതൊരു സൂക്ഷ്മതയും സുതാര്യതയും നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ **ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ്** സെക്രട്ടറി **ശ്രീ.ബനേഷ്ഖാൻ** എന്നയാളെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ഉത്തരവ് ഉടൻ നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ശ്രീ.ബനേഷ്ഖാന് സസ്പെൻഷൻ കാലയളവിൽ നിയമാനുസൃത ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM *

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

ശ്രീ.ബനേഷ്ഖാൻ
പെൻ : 699335
അസിസ്റ്റന്റ് സെക്രട്ടറി
ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്
(ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

പകർപ്പ് : 1. ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ( ഉത്തരവ് നടപ്പിലാക്കി വിവരം റിപ്പോർട്ട്

ചെയ്യേണ്ടതാണ്)

2. സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് ( ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സൂപ്രണ്ട്, ഡിഇബി സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, ഡിഇഡി സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ( വിവരാവകാശ നിയമപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി